# കേരളസർവകലാശാല

നം.പി.ആർ.147/2023 തിരുവനന്തപുരം, തീയതി: 22/07/2023

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം – 2023 ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.

കേരളസർവകലാശാലയുടെ 2023 – 24 അധ്യയന വർഷത്തിലെ ബിരുദാനന്തര ബിരുദ പ്രവേശനത്തിനുള്ള ട്രയൽ അലോട്ട്മെന്റ് അഡ്മിഷൻ വെബ്സൈറ്റിൽ (https://admissions.keralauniversity.ac.in/ ) പ്രസിദ്ധീകരിച്ചു. പ്രൊഫൈലിൽ ലോഗിൻ ചെയ്ത് ട്രയൽ അലോട്ട്മെന്റ് പരിശോധിച്ചതിന് ശേഷം ഓപ്ഷനുകൾ ചേർക്കുന്നതിനും പുനഃക്രമീകരിക്കുന്നതിനും (ലാസ്റ്റ് ഇൻഡക്സ് മാർക്ക് വെബ്സൈറ്റിൽ ലഭ്യമാണ്) 2023 ജൂലൈ 24 വരെ വിദ്യാർത്ഥികൾക്ക് അവസരം ഉണ്ടായിരിക്കുന്നതാണ്. പ്രൊഫൈലിൽ മാറ്റങ്ങൾ വരുത്തുന്നവർ ആയതിന്റെ പുതിയ പ്രിന്റൗട്ട് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതാണ്. ട്രയൽ അലോട്ട്മെന്റ് വന്നതിന് ശേഷം വിദ്യാർത്ഥികൾ ഓപ്ഷനുകൾ മാറ്റങ്ങൾ വരുത്തുന്നതിനാൽ ട്രയൽ അലോട്ട്മെന്റിൽ ലഭിച്ച കോളേജുകൾക്കും കോഴ്സുകൾക്കും തുടർന്ന് വരുന്ന അലോട്ട്മെന്റുകളിൽ മാറ്റങ്ങൾ വരുവാൻ സാധ്യതയുണ്ട് ആയതിനാൽ ട്രയൽ അലോട്ട്മെന്റ് ലഭിച്ചു എന്നുള്ളത് കൊണ്ട് മാത്രം അഡ്മിഷൻ ലഭിക്കണമെന്നില്ല.

ഒന്നാം അലോട്ട്മെന്റ് 2023 ജൂലൈ 25 ന് പ്രസിദ്ധീകരിക്കുന്നതാണ്. പുതുക്കിയ ഷെഡ്യൂൾ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്.

### ഒന്നാം വർഷ ബിരുദ പ്രവേശനം 2023 – 24 സപ്ലിമെന്ററി അലോട്ട്മെന്റിലേക്കായി പുതിയ രജിസ്ട്രേഷൻ ചെയ്യുന്നതിനും, ഓപ്ഷൻ നൽകുന്നതിനും, ഓൺലൈൻ അപേക്ഷയിൽ തിരുത്തൽ വരുത്തുന്നതിനും അവസരം

നിലവിൽ രജിസ്ട്രേഷൻ ചെയ്യാത്ത എല്ലാ വിദ്യാർത്ഥികൾക്കും ഒന്നാം വർഷ ബിരുദ പ്രോഗ്രാമുകളിലേയ്ക്കുള്ള പ്രവേശനത്തിന് 2023 ജൂലൈ 27 വരെ പുതിയ രജിസ്ട്രേഷൻ നടത്താവുന്നതാണ്. ഈ ഘട്ടത്തിൽ പരമാവധി 20 ഓപ്ഷനുകൾ വരെ നൽകാവുന്നതാണ്. പുതുതായി ഓപ്ഷൻ നൽകുന്ന വിദ്യാർത്ഥികളുടെ പ്രൊഫൈലിൽ മുൻ അലോട്ട്മെന്റുകളിൽ നൽകിയ ഓപ്ഷനുകൾ ക്യാൻസൽ ആകുന്നതാണ്. പുതിയതായി നൽകിയ ഓപ്ഷനുകൾ മാത്രമേ തുടർന്നുവരുന്ന സപ്ലിമെന്ററി അലോട്ട്മെന്റുകളിലേക്ക് പരിഗണിക്കുകയുള്ളൂ. നിലവിൽ രജിസ് ട്രേഷനുള്ള എല്ലാവർക്കും പുതിയ ഓപ്ഷനുകൾ ചേർക്കൽ, റീവാല്യൂവേഷൻ/ഗ്രേസ്

മാർക്ക് ഉൾപ്പെടുത്തൽ, കാറ്റഗറി മാറ്റം തുടങ്ങി എല്ലാ തിരുത്തലുകൾക്കും ജൂലൈ 27 വരെ ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്. നിലവിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾക്ക് അക്കാദമിക് വിവരങ്ങളിൽ മാത്രമേ (മാർക്കിലെ വർദ്ധനവ്/സ്പെഷ്യൽ വെയിറ്റേജ്) മാറ്റങ്ങൾ വരുത്താൻ സാധിക്കുകയുള്ളൂ. മുൻ അലോട്ട്മെന്റുകളിൽ ഫീസ് ഒടുക്കാതെ അലോട്ട്മെന്റ് റദ്ദായ അപേക്ഷകരും, ഫീസ് അടച്ചിട്ടും കോളേജിൽ പ്രവേശനം നേടാൻ സാധിക്കാത്ത വിദ്യാർത്ഥികളും, 'Temporary' അഡ്മിഷൻ എടുത്തശേഷം മൂന്നാം ഘട്ട അലോട്ട്മെന്റിൽ 'Permanent' അഡ്മിഷൻ എടുക്കാതെ അഡ്മിഷൻ നഷ്ടമായ വിദ്യാർത്ഥികളും ആപ്ലിക്കേഷൻ നമ്പർ, പാസ്സ് വേർഡ് എന്നിവ ഉപയോഗിച്ച് പ്രൊഫൈലിൽ ലോഗിൻ ചെയ്ത ശേഷം പുതിയതായി 20 ഓപ്ഷനുകൾ വരെ നൽകാവുന്നതാണ്. പുതുതായി ഓപ്ഷൻ നൽകുന്ന വിദ്യാർത്ഥികളുടെ പുതിയതായി നൽകിയ ഓപ്ഷനുകൾ മാത്രമേ തുടർന്നുവരുന്ന സപ്ലിമെന്ററി അലോട്ട്മെന്റുകളിലേക്ക് പരിഗണിക്കൂ. പുതുതായി ഓപ്ഷൻ നൽകിയില്ലെങ്കിൽ ഇവരുടെ പഴയ എല്ലാ ഓപ്ഷനുകളും പരിഗണിക്കുന്നതാണ്. നിലവിൽ സ്ഥിര (Permanent) അഡ്മിഷൻ എടുത്ത വിദ്യാർത്ഥികളുടെ ഹയർ ഓപ്ഷനുകൾ ഈ അലോട്ട്മെന്റിലേക്ക് പരിഗണിക്കുന്നതല്ല. പ്രസ്തുത വിദ്യാർത്ഥികൾക്ക് സപ്ലിമെന്ററി അലോട്ട്മെന്റിൽ താൽപര്യമുള്ളപക്ഷം ആയതിലേക്ക് പരിഗണിക്കപ്പെടുന്നതിലേക്കായി പുതിയതായി ഓപ്ഷനുകൾ നൽകേണ്ടതാണ്. പ്രൊഫൈലിൽ തിരുത്തൽ വരുത്തൽ, അലോട്ട്മെന്റിലേക്ക് വീണ്ടും പരിഗണിക്കൽ (Reconsider) എന്നിവ ആവശ്യമുള്ള എല്ലാ വിദ്യാർത്ഥികളും (ഇതിനായി സർവകലാശാലയിൽ അപേക്ഷ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ ഉൾപ്പെടെ) ടി തീയതിക്കുള്ളിൽ തന്നെ സ്വയമായി അവരവരുടെ പ്രൊഫൈലിൽ പ്രസ്തുത മാറ്റങ്ങൾ വരുത്തേണ്ടതാണ്.

രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റുവരെയുള്ള (First 5 Allotments) അലോട്ട്മെന്റുകളിൽ ആദ്യ 5 ഓപ്ഷനുകളിൽ ഏതെങ്കിലും ഒന്ന് ലഭിച്ച് കോളേജിൽ അഡ്മിഷൻ എടുത്ത വിദ്യാർത്ഥികളെ (എസ്.സി./എസ്.ടി. വിഭാഗക്കാർ ഒഴികെ) തുടർന്ന് വരുന്ന അലോട്ട്മെന്റുകൾക്ക് ശേഷം സ്പോട്ട് അലോട്ട്മെന്റ് നടത്തേണ്ടി വരുന്ന സാഹചര്യത്തിൽ, ആയതിലേക്ക് പരിഗണിക്കുന്നതല്ല. തിരുത്തലുകൾ വരുത്തി കഴിഞ്ഞാൽ, പുതിയതായി നൽകിയ ഓപ്ഷനുകൾ/മാറ്റങ്ങൾ അപേക്ഷയിൽ വന്നിട്ടുണ്ട് എന്ന് ഉറപ്പാക്കേണ്ടതും അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് എടുത്ത് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതുമാണ്.

## സ്പോർട്സ് ക്വാട്ട അഡ്മിഷൻ

നിലവിൽ സ്പോർട്സ് ക്വാട്ട രജിസ്റ്റർ ചെയ്യാത്തവർക്ക് ഈ അവസരം പ്രയോജനപ്പെടുത്തി പ്രൊഫൈലിൽ ലോഗിൻ ചെയ്ത് സ്പോർട്സ് ക്വാട്ട അഡ്മിഷന് വേണ്ടി അപേക്ഷ സമർപ്പിക്കാവുന്നതാണ്. നിലവിൽ സ്പോർട്സ് ക്വാട്ട രജിസ്ട്രേഷൻ ഉള്ളവർക്കും സർട്ടിഫിക്കറ്റുകൾ റിജക്ട് ആയ വിദ്യാർത്ഥികൾക്കും പുതിയ സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്യാവുന്നതാണ്. ഒന്നാം സ്പോർട്സ് ക്വാട്ട റാങ്ക് ലിസ്റ്റ് അവസാനിച്ച ശേഷവും ഒഴിവ് നിലനിൽക്കുന്ന പക്ഷം ടി വിദ്യാർത്ഥികളെ പരിഗണിക്കുന്നതാണ്.

## കമ്മ്യൂണിറ്റി ക്വാട്ട അഡ്മിഷൻ

നിലവിൽ കമ്മ്യൂണിറ്റി ക്വാട്ട രജിസ്റ്റർ ചെയ്യാത്തവർക്ക് ഈ അവസരം പ്രയോജനപ്പെടുത്തി പ്രൊഫൈലിൽ ലോഗിൻ ചെയ്ത് കമ്മ്യൂണിറ്റി ക്വാട്ട അലോട്ട്മെന്റിലേക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

## മാനേജ്മെന്റ് ക്വാട്ട അഡ്മിഷൻ

മാനേജ്മെന്റ് ക്വാട്ട അഡ്മിഷൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഈ അവസരം പ്രയോജനപ്പെടുത്തി പ്രൊഫൈൽ രജിസ്റ്റർ ചെയ്തതിനുശേഷം പ്രിന്റൗട്ടുമായി താൽപര്യമുള്ള കോളേജിൽ ഹാജരാകേണ്ടതാണ്.

## പരീക്ഷാഫലം

കേരളസർവകലാശാല 2023 മേയിൽ നടത്തിയ ഇന്റഗ്രേറ്റഡ് ഡിപ്ലോമ ഇൻ റഷ്യൻ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ആഗസ്റ്റ് 11 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ഏപ്രിലിൽ നടത്തിയ നാലാം വർഷ (ഫൈനൽ ഇയർ) ബി.എഫ്.എ. പെയിന്റിംഗ്, സ്കൾപ്ച്ചർ, അപ്ലൈഡ് ആർട്ട് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 10 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസകേന്ദ്രം 2022 നവംബറിൽ നടത്തിയ മൂന്നും നാലും സെമസ്റ്റർ എം.എ. ഇക്കണോമിക്സ്, എം.എ. ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ, എം.എ. ഹിന്ദി എന്നീ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 05 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പുതുക്കിയ പരീക്ഷാത്തീയതി

കേരളസർവകലാശാല 2023 ജൂലൈ 24, 26, 31 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ ബി.എ./ബി.എസ്സി. /ബി.കോം./ബി.ബി.എ./ബി.സി.എ./ബി.എം.എസ്./ബി.എസ്.ഡബ്ല്യൂ./ബി.പി.എ./ബി.വോക്. സി.ബി.സി.എസ്.എസ്. & കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്., ബി.എ. (ഓണേഴ്സ്) ഡിഗ്രി പരീക്ഷകൾ യഥാക്രമം ആഗസ്റ്റ് 16, 18, 21 തീയതികളിലേക്ക് മാറ്റിവച്ചിരിക്കുന്നു. മറ്റു ദിവസങ്ങളിലെ പരീക്ഷകൾക്ക് മാറ്റമില്ല. പരീക്ഷാകേന്ദ്രത്തിനോ സമയത്തിനോ മാറ്റമില്ല.

## ജർമ്മൻ A1 (Deutsch A1) SHORT TERM കോഴ്സ് – അപേക്ഷ ക്ഷണിച്ചു

കേരളസർവകലാശാല ജർമ്മൻ പഠന വിഭാഗം നടത്തുന്ന ജർമ്മൻ A1 (Deutsch A1) SHORT TERM കോഴ്സിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത: പ്ലസ് ടു/തത്തുല്യ യോഗ്യത, കോഴ്സ് ഫീസ്: Rs.8000/-, കാലയളവ്: 80 മണിക്കൂർ (2 മാസം), സമയം: 10 am to 1.00 pm തിങ്കൾ മുതൽ വെള്ളി), ആകെ സീറ്റ്: 40, അപേക്ഷാഫീസ് 105 രൂപയും

രജിസ്ട്രേഷൻഫീസ് 105 രൂപയുമാണ് (payable at University Cash Counter or online). അപേക്ഷാഫോം ജർമ്മൻ ഡിപ്പാർട്മെൻറ് (യൂണിവേഴ്സിറ്റി) വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. (https://www.keralauniversity.ac.in/dept/dept-home) പൂരിപ്പിച്ച അപേക്ഷകൾ 2023 ആഗസ്റ്റ് 04 വൈകിട്ട് 4.00 വരെ പാളയം സെനറ്റ് ഹൗസ് ക്യാമ്പസിൽ സ്ഥിതി ചെയ്യുന്ന ജർമ്മൻ പഠനവിഭാഗത്തിൽ സ്വീകരിക്കുന്നതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No.8547330240**